# PULARI

KKD/CA/412/2017

## Association for Charitable activitiesand welfare of child Patients and parents in kerala

---

കേരളത്തിലെ കാൻസർ രോഗം പിടിച്ച കുട്ടികൾക്ക് ജീവകാരുണ്യ പ്രവർത്തനം ചെയ്യുക.അവരുടെ രക്ഷിതാക്കളുടെ പുനരുദ്ധാരണവും ക്ഷേമവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊണ്ട സംഘടന യാണ് പുലരി.

കുട്ടികളിലെ കാൻസർ ഭീതികരമായ അളവിൽ വർദ്ധിച്ചു കൊണ്ടിരി ക്കുന്നു.ഇത് കുടുംബത്തെമാത്രമല്ല സമൂഹത്തെ തന്നെ നാശത്തിലേക്ക് തള്ളി വിടുന്നു. ദീർഘകാലത്തെ ചികിത്സക്ക് വേണ്ടി ഹോസ്പിറ്റലിൽ അഡ്മിറ്റാ വുമ്പോൾ ശാരീരികമായും മാനസികമായും കൂടി തകർന്ന് പോവുന്നു. സാമ്പത്തികമായും,ശാരീരികമായും, മാനസികമായും ഉള്ള തകർച്ചക്ക് പുറമെ കുടുംബത്തിന്റെ തകർച്ചകൂടെ രക്ഷിതാക്കൾക്ക് താങ്ങാവുന്നതിനപ്പുറത്താ ണ്.

കുടുംബത്തിന്റെ ജീവിതമാർഗമായ, കൃഷി, ജോലി, പ്രവാസികളുടെ ജോലി നഷ്ടപെടുക എന്നിവക്ക് പുറമെ രോഗം ബാധിച്ച കുട്ടിയുടെ വിദ്യാ ഭ്യാസം ഈ കുട്ടിയുടെ മുകളിലോ താഴെയോ ഉള്ള കുട്ടികളുടെ വിദ്യാ ഭ്യാസം, അവരുടെ ആരോഗ്യം-ഭക്ഷണം എന്നിവയും നഷ്ടപ്പെട്ട് കുടുംബം അക്ഷരാർത്ഥത്തിൽ തകർന്ന് പോവുന്നു. കുട്ടിക്ക് അസുഖം ബാധിച്ച കാരണത്താൽ കുട്ടിയെയും അമ്മയെയും ഉപേക്ഷിച്ച് കടന്ന് കളഞ്ഞ അച്ഛ ന്മാരും ഇന്ന് വിരളമല്ല.ഇവിടെയാണ് കുട്ടികൾക്ക് ജീവകാരുണ്യ പ്രവർത്തനം നടത്തേണ്ടതിന്റെയും അച്ഛനമ്മമാരുടെ ക്ഷേമവും പുനരുദ്ധാരണവും ഉറപ്പ് വരുത്തേണ്ടതിന്റെയും ആവശ്യകത.

ദീർഘകാലത്തെ ചികിത്സക്ക് കുടുംബത്തിന്റെ സംരക്ഷണത്തിനായും വിടും സ്ഥലവും നഷ്പ്പെട്ട് നിരാലംബരായ എത്രയോ കുടുംബങ്ങൾ ഇന്ന് നമുക്കിടയിൽ ഉണ്ട്. അത് കൊണ്ട് തന്നെ ഈ സംഘടനയുടെ പ്രവർത്ത നത്തിൽ എല്ലാവരും ഭാഗമാവണമെന്ന് അപേക്ഷിക്കുന്നു.